## ദേശീയപാത വികസനം

# സ്ഥലമെടുപ്പ് തകൃതിയിൽ

■ ഈ ആഴ്ച പൂർത്തിയാക്കുമെന്ന് അധികൃതർ




ആറ്റിങ്ങൽ: ദേശീയപാത വികസനത്തിന്റെ ഭാഗമായുള്ള ആറ്റിങ്ങലിലെ പുറമ്പോക്ക് ഒഴിപ്പിക്കൽ ഈ ആഴ്ച പൂർത്തിയാക്കുമെന്ന് റവന്യൂ അധികൃതരും നഗരസഭാ അധികൃതരും പറഞ്ഞു.

ടി.ബി ജംഗ്ഷൻ മുതൽ മാമം മൂന്നുമുക്ക വരെയാണ് റോഡ് വികസനം നടക്കുന്നത്. പുറമ്പോക്ക് ഒഴിപ്പിക്കലിന്റെ ഭാഗമായി നടന്ന ഹിയറിംഗ് സംഘർഷത്തിൽ കലാശിച്ചെങ്കിലും അധികൃതരുടെ കർശനമായ നീക്കത്തിന് മുന്നിൽ പ്രതിഷേധം അവസാനിച്ചു.

കടകൾ പൂർണമായും മാറ്റേണ്ടി വരുന്നവർക്ക് പുനരധിവാസത്തിന് സൗകര്യം ഒരുക്കമെന്ന ബി. സത്യൻ എം.എൽ.എയുടെ ഉറപ്പ് ലഭിച്ചതോടെയാണ് പ്രതിഷേധക്കാർ പിൻവാങ്ങിയത്. കച്ചേരി ജംഗ്ഷൻ മുതൽഐ.ടി.ഐവരെയുള്ളറോഡുവക്കിലെ പുറമ്പോക്ക് പൂർണമായും ഒഴിപ്പിച്ചു. സിവിൽ സ്റ്റേഷൻ ഭൂമി, നഗരസഭാ ഭൂമി എന്നിവയും ഏറ്റെടുത്തു. കിഴക്കേ നാലുമുക്കിൽ പാലസ് റോഡ് ആരംഭിക്കുന്ന സ്ഥലത്ത്പുറമ്പോക്കിൽ ഉണ്ടായിരുന്ന ആറ് കടകളാണ് പൂർണമായും ഒഴിപ്പിച്ചത്. ഒഴിപ്പിച്ച ഭാഗം ക്ലിയർ ചെയ്തതോടെ ഇവിടെ ആവശ്യത്തിലധികം സ്ഥലം ലഭിച്ചിട്ടുണ്ട്. കച്ചേരി ജംഗ്ഷനിൽ പോസ്റ്റ് ഓഫീസിന്റെ സ്ഥലം ഏറ്റെടുക്കാൻ ഇനിയും കടമ്പകൾ കടക്കേണ്ടിവരും. കേന്ദ്ര സർക്കാർ സ്ഥാപനമായതിനാൽ സർക്കാരിന്റെ അനുമതി വേണം. പണം നൽകിയാൽ മാത്രമേ സ്ഥലം വിട്ടുകൊടുക്കുവെന്നാണ് തപാൽ വകുപ്പിന്റെ വാദം. ഭൂമിയേറ്റെടുത്ത് നൽകിയാൽ നിർമ്മാണം ഉടൻ ആരംഭിക്കുമെന്നാണ് കരാറുകാരൻ പറഞ്ഞു.

## ആലംകോട്ടെ ഹോട്ടലിൽ നിന്ന് ഒരു ലക്ഷം രൂപ കവർന്നു

ആറ്റിങ്ങൽ: ഹോട്ടലിൽ സൂക്ഷിച്ചിരുന്ന ഒരുലക്ഷം രൂപ കട കുത്തിത്തുറന്ന് കവർന്നു.

ആലംകോട് ന്യൂ ഹോട്ടലിലാണ് മോഷണം നടന്നത്. കടയുടമ ശാന്ത ചിട്ടി പിടിച്ച് സൂക്ഷിച്ചിരുന്ന പണമാണ് നഷ്ടപ്പെട്ടത്.

ഇന്നലെ രാവിലെ കട തുറന്നപ്പോഴാണ് മോഷണം നടന്ന വിവരം അറിയുന്നത്. ഹോട്ടലിന്റെ പിറകുവശത്തെ വാതിൽ പൊളിച്ച് അകത്തുകടന്ന മോഷ്ടാക്കൾ മേശ കുത്തിത്തുറന്നാണ് പണം കവർന്നത്.

കഴിഞ്ഞആഴ്ച വഞ്ചിയൂരിലെ ആളില്ലാത്ത വീട് കുത്തിത്തുറന്ന് 41 പവനും 20000 രൂപയും മോഷ്ടിച്ചിരുന്നു.

ആറ്റിങ്ങൽ പൊലീസ് കേസെടുത്തു.



അംബര സ്യൂട്ട്സ്

## അംബര സ്യൂട്ട്സ് ഉദ്ഘാടനം നാളെ

തിരുവനന്തപുരം: തലസ്ഥാന നഗരിക്ക് തിലകക്കുറിയായി വെൺപാലവട്ടത്ത് കിംസ് ആശുപത്രിക്ക് സമീപം അംബര സ്യൂട്ട്സ് നാളെ മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. മേയർ വി.കെ. പ്രശാന്ത് മുഖ്യാതിഥി ആയിരിക്കും. തമ്പാനൂർ രവി, കൗൺസിലർ ഹിമ സിജി എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തും. പാൻട്രി, ലീവിംഗ് ഏരിയ, ബെഡ് റൂം, ആധുനിക സജ്ജീകരണങ്ങളോടെയുള്ള ബാത്ത് റൂമുകൾ ഉൾപ്പെടെ 18 സ്യൂട്ടുകളാണ് അംബരയിൽ ഒരുക്കിയിട്ടുള്ളത്. 200 പേർക്കിരിക്കാവുന്ന ബാങ്ക്വറ്റ് ഹാൾ, റസ്റ്റോറന്റ്, ജിംനേഷ്യം, വിശാലമായ പാർക്കിംഗ് സൗകര്യം, സൗജന്യ വൈഫൈ എന്നീ സൗകര്യങ്ങളും ലഭ്യമാണ്.

## മെഗാ പെയിന്റിംഗ് മത്സരം ഇന്ന്

തിരുവനന്തപുരം: പെരുമാതുറ സ്നേഹതീരം നെഹ്റു യുവ കേന്ദ്ര എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന മെഗാ പെയിന്റിംഗ് മത്സരം ഇന്ന് രാവിലെ 9ന് മ്യൂസിയം ഹാളിൽ പെരുമാതുറ സ്നേഹതീരം പ്രസിഡന്റ് ഇ.എം. നജീബിന്റെ അദ്ധ്യക്ഷതയിൽ കാർട്ടൂണിസ്റ്റ്കാരയ്ക്കാമണ്ഡപം വിജയകുമാർ ഉദ്ഘാടനം ചെയ്യും.

അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി എന്നീ മൂന്ന് വിഭാഗങ്ങളിലായിട്ടാണ് മത്സരം. പങ്കെടുക്കുന്ന എല്ലാവർക്കും നെഹ്റു യുവ കേന്ദ്ര, കേന്ദ്ര യുവജന കായിക മന്ത്രാലയത്തിന്റെ സർട്ടിഫിക്കറ്റ് ലഭിക്കും.

ഓരോവിഭാഗത്തിലും മൂന്നാം സ്ഥാനം വരെ ലഭിക്കുന്നവർക്ക് കാഷ് അവാർഡ്, സർട്ടിഫിക്കറ്റ്, ട്രോഫി എന്നിവയും നൽകും. പങ്കെടുക്കാൻ താത്പര്യമുള്ളവർ സ്കൂൾ ഐഡന്റിറ്റി കാർഡുമായി ഇന്ന് രാവിലെ 9ന് മ്യൂസിയം ഹാളിൽ എത്തണം. ഫോൺ : 9605533888.


മൂന്നാം ചരമവാർഷികം (14.11.2018) ഏഴാം ചരമവാർഷികം (09.05.2019)





മണി.എൻ ലളിതാംബിക.കെ

മണിമന്ദിരം, ചെങ്കവിള, അടയ്ക്കാക്കുഴി പി.ഒ.

മായാത്ത ഓർമ്മകളുമായി,
കുടുംബാംഗങ്ങൾ.


# ലോക പ്രമേഹദിനം 2018

# World Diabetes Day



## കുടുംബവും പ്രമേഹ രോഗവും

160 ൽപരം രാജ്യങ്ങൾ, 1991 മുതൽ നവംബർ 14 ന് പ്രമേഹ രോഗദിനമായി ആചരിക്കുകയാണ്. ഇൻസുലിൻ കണ്ടുപിടിച്ചകനേഡിയൻഡോക്ടർഫ്രെഡറിക്ബാന്റിംഗിന്റെ ജന്മദിനമാണ്. നവംബർ14ന് ഓരോവർഷവുംപ്രമേഹരോഗ ദിനത്തിൽഒരുചിന്താവിഷയം ഉണ്ടായിരിക്കും. 2018 - 2019 ൽതിരഞ്ഞെടുത്തിട്ടുള്ള ചിന്താവിഷയം 'കുടുംബവും പ്രമേഹവും' ആണ്. എങ്ങനെ ഒരു പ്രമേഹരോഗി കുടുംബത്തിലുള്ളതുകൊണ്ട്ശാരീരികമായുംസാമ്പത്തികമായും മാനസികമായും ബാധിക്കാമെന്നും കുടുംബത്തിന്റെസഹായംഅല്ലെങ്കിൽ സംരക്ഷണം പ്രമേ ഹരോഗികൾക്ക് എങ്ങനെ നൽകാമെന്നും രോഗികളെയും കുടുംബാംഗങ്ങളെയും ബന്ധുക്കളെയും പൊതുജന ങ്ങളെയും ബോധവൽക്കരിക്കേണ്ട ആവശ്യം മനസിലാക്കാൻകൂടിവേണ്ടിയാണ്ഈ ദിനം ആചരിക്കുന്നത്. ആഗോളപരമായി 425 ദശലക്ഷം ടൈപ്പ് 2 പ്രമേഹ രോഗികളും 11 ലക്ഷം ടൈപ്പ് 1 പ്രമേഹ രോഗികളും ഉണ്ട്. കുടുംബത്തിന് ഏറ്റവും ഭാരമായ ടൈപ്പ് 1 പ്രമേഹ രോഗികൾ താരതമ്യേന വളരെ കുറവാണ്. ഏഴ് കോടിയോളം ടൈപ്പ് 2 പ്രമേഹ രോഗികൾ ഭാരതത്തിലുള്ളപ്പോൾ ടൈപ്പ് 1 പ്രമേഹ രോഗികൾ വെറും 1,70,000 മാത്രമേ ഉള്ളൂ. കേരളത്തിൽ 30 ലക്ഷം ടൈപ്പ് 2 പ്രമേഹ രോഗികളും 5000 ത്തിൽ കൂടുതൽ ടൈപ്പ് 1 പ്രമേഹരോഗികളും ഉണ്ട്. ടൈപ്പ് 1 പ്രമേഹ രോഗികളായ കുഞ്ഞുങ്ങൾക്ക് എല്ലാ ദിവസവും മരണംവരെ ഇൻസുലിൻ കുത്തിവയ്പ് ആവശ്യമാണ്. പ്രായമായ പ്രമേഹ രോഗികൾക്ക് ഹൃദ്രോഗം, അമിതരക്ത സമ്മർദ്ദം, ശ്വാസംമുട്ട്, ദുർമേദസ്, സന്ധിവാത രോഗങ്ങൾ എന്നിവയും കൂടി ഉണ്ടാകാൻ സാദ്ധ്യത ഉള്ളതുകൊണ്ട് ശരാശരി 2000 3000 രൂപവരെ ഒരുമാസം ചെലവ് വരും. സ്വന്തം വരുമാനം ഇല്ലാത്തവർക്ക് മരുന്നുകൾക്ക് വേണ്ടി മക്കളെ ആശ്രയിക്കേണ്ടിവരുന്നതുകൊണ്ട് പലരും ആരുമറിയാതെ മനഃപൂർവം മരുന്നുകൾ കഴിക്കാതിരിക്കുകയും ചിലരെ ഈ മാനസികാവസ്ഥ ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നു. പ്രമേഹ രോഗികൾക്ക് അവരുടെ കുടുംബത്തിന്റെ പിന്താങ്ങൽ, സംരക്ഷണം എന്നിവ വളരെ ആവശ്യമാണ്. ടൈപ്പ് 1 പ്രമേഹ രോഗികൾക്കായി മിഠായി എന്ന പേരിൽ ഒരു പദ്ധതി കേരള ഗവൺമെന്റ്തുടങ്ങിയിട്ടുണ്ട്. സൗജന്യമായിഇൻസുലിൻ, ഗ്ളൂക്കോമീറ്റർ, ഇൻസുലിൻ പേനകൾ എന്നിവ ഈ പദ്ധതിയിൽനിന്ന് കിട്ടുന്നതാണ്. കൃത്യസമയത്തുള്ള ബോധവൽക്കരണക്ളാസുകൾ, രോഗവിവരങ്ങളെപ്പറ്റിയുള്ള വിദ്യാഭ്യാസം, പ്രാരംഭകാലത്തുള്ള രോഗനിർണയം, ജീവിതശൈലികളിലും ഭക്ഷണ ക്രമങ്ങളിലും വരുത്തുന്ന വ്യത്യാസങ്ങൾ എന്നിവ പ്രമേഹരോഗത്തിന്റെ പ്രത്യാഘാതം കുറയ്ക്കാൻ സഹായിക്കുന്നു.

പ്രമേഹരോഗമുള്ള കുഞ്ഞുങ്ങളുടെ അദ്ധ്യാപകരും ഈ രോഗത്തെപ്പറ്റി അറിഞ്ഞിരുന്നാൽ സ്കൂളിൽവച്ചുണ്ടാകുന്ന ഹൈപ്പോഗ്ളൈസീമിയ പോലുള്ള പ്രശ്നങ്ങൾ വന്നാൽ ഉടനെതന്നെ പ്രഥമ ശുശ്രൂഷ നൽകാൻ സഹായിക്കും. കൂടാതെ മറ്റ് വികലാംഗർക്ക് ഗവൺമെന്റ് നൽകുന്ന സംവരണം ടൈപ്പ് 1 പ്രമേഹ രോഗികൾക്കും കൊടുക്കേണ്ടതാണ്.



Dr. K.P. POULOSE
Professor of Medicine (Rtd)
Principal Consultant in Medicine,
SUT Hospital, Pattom.


BR LIFE | SUT PATTOM Super Specialty Hospital

പട്ടം എസ്.യൂ.റ്റി ആശുപത്രി
എന്നും നിങ്ങൾക്കൊപ്പം
രോഗപ്രതിരോധത്തിനും അതിജീവനത്തിനും
ലോകപ്രമേഹരോഗ ദിനം, നവംബർ 14
നമുക്ക് കൈകോർക്കാം പ്രമേഹത്തിനെതിരായി

എസ്.യൂ.റ്റി.യിലെ പ്രമേഹരോഗ വിദഗ്ധർ:



Dr K P Poulose
MD, FACP, FCCP, FACA, FRCP
Principal Consultant
Dept. of Gen. Medicine

Dr (Capt) G Ramesan Pillai
MBBS, DPM, MD (Gen. Med), FIMSA
Senior Consultant
Dept. of Gen. Medicine

Dr Dhanya V Unnikrishnan
MBBS, MD
Consultant
Dept. of Gen. Medicine

Dr Hemalatha P
MBBS, MD
Associate Consultant
Dept. of Gen. Medicine

Dr Annie Alexander
MBBS, MD
Associate Consultant
Dept. of Gen. Medicine

BR LIFE SUT PATTOM
Pattom Palace P.O., Thiruvananthapuram, 695 004, Kerala, India
MOB: +91 96567 71000, TEL: 0471 2553 055
www.sutpattom.com


## കേരളത്തിലെ IDF (International Diabetes Federation) അംഗീകൃത പ്രമേഹ ചികിത്സാകേന്ദ്രം

ഇന്റർനാഷണൽ ഡയബറ്റിസ്ഫെഡറേഷൻ ഔദ്യോഗികമായി അംഗീകരിച്ച കേരളത്തിലെ പ്രമേഹ ചികിത്സാകേന്ദ്രമാണ് ജ്യോതിദേവ്സ് ഡയബറ്റിസ് റിസർച്ച് സെന്റർ, തിരുവനന്തപുരം. 1991 മുതൽ ലോകംമുഴുവൻ നവംബർ 14, പ്രമേഹ ദിനമായി ആചരിക്കുന്നത് ഇന്റർനാഷണൽഡയബറ്റിസ്ഫെഡറേഷന്റെ ആഹ്വാനപ്രകാരമാണ്.

ദേശീയതലത്തിൽ പ്രമേഹ ചികിത്സ വിജയം കാണുന്നത് 3 മുതൽ 10% രോഗികളിലായിരിക്കെ, ഡയബറ്റിസ് ടെലിമാനേജ്മെന്റ്സിസ്റ്റം എന്ന സംവിധാനത്തിലൂടെ ചികിത്സ സ്വീകരിക്കുന്ന രോഗികളിൽ ഈ വിജയശതമാനം 85 മുതൽ 90% വരെയാണ് എന്നത് ആഗോള തലത്തിൽ തന്നെ ശ്രദ്ധ പിടിച്ചുപറ്റിയ നേട്ടമാണ്. ഓരോ പ്രമേഹരോഗികൾക്കും അവരുടെ പ്രത്യേകതകൾമാനിച്ചുകൊണ്ടുള്ള വ്യത്യസ്തമായ ചികിത്സയും വ്യായാമ ഭക്ഷണ നിർദ്ദേശങ്ങളും സാങ്കേതികവിദ്യയുമാണ് ഉപയോഗിച്ചുവരുന്നത്. രോഗത്തിന്റെ പ്രത്യേകതകൾഅതിവിശദമായി പഠിച്ചശേഷം ഹൃദയം, വൃക്ക, കണ്ണുകൾ, പാദങ്ങൾ, ലൈംഗികാവയവം തുടങ്ങിഎല്ലാ പ്രധാന അവയവങ്ങളെയും പരിപൂർണമായും സംരക്ഷിച്ചുകൊണ്ടുള്ള ചികിത്സാമുറകളാണ് പരിപാലിച്ചുവരുന്നത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് സൗജന്യനിരക്കിലും സൗജന്യമായും ചികിത്സ ലഭിക്കും.

ലോകോത്തര ചികിത്സ നമ്മുടെ നാട്ടിലെ പ്രമേഹരോഗികളിലും എത്തിക്കാൻ ജ്യോതിദേവ്സിന് വർഷങ്ങളായി സാധിക്കുന്നുണ്ട്. ഓരോ പുതിയ ചികിത്സാവിധികളും (ഇൻസുലിൻ പമ്പ്, ആർട്ടിഫിഷ്യൽ പാൻക്രിയാസ്, ഗ്ളൂക്കോസ് നിരീക്ഷണ ഉപാധികൾ) യൂറോപ്പ്, അമേരിക്ക, ആസ്ട്രേലിയ തുടങ്ങിയ വികസിത രാജ്യങ്ങളിൽ വന്നെത്തുന്ന നിമിഷം തന്നെ അതെല്ലാം ഇവിടെയും എത്തിക്കാൻ JDC യ്ക്ക് സാധിച്ചുവരുന്നു.

അന്തർദ്ദേശീയ തലത്തിൽ ഓരോ വർഷവും പ്രസിദ്ധീകരിക്കുന്ന പുത്തൻ ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങളാണ് ഇവിടെ പരിപാലിക്കപ്പെടുന്നത്. ഇതിലൂടെ സുപ്രധാന അവയവങ്ങളെ പരിപൂർണമായി സംരക്ഷിക്കാനും ചികിത്സാ ചെലവ് വർദ്ധനവ് തടയാനും കഴിയുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിലും അമേരിക്കയിലെ മയോക്ളിനിക്കിലും നിന്നുമാണ് ഡോ. ജ്യോതിദേവ് മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. ജ്യോതിദേവ്സിലെ മെഡിക്കൽ ഡയറക്ടർ ഡോ. അരുൺശങ്കർ തന്നെയാണ് തിരുവനന്തപുരം യൂണിറ്റിന്റെ മേധാവി. ഡോ. രോഹിത് വാര്യർ കൊച്ചിയിലെയും ഡോ. അശ്വിൻ ഡേവിഡ് ആറ്റിങ്ങലിലെയും സെന്ററുകളുടെ ചികിത്സാമേധാവികളാണ്.

ജ്യോതിദേവ്സിൽ നിന്നുമുള്ള വിദ്യാഭ്യാസ വീഡിയോകളും പ്രതിമാസ പ്രസിദ്ധീകരണവും ഈ ലിങ്കുകളിൽ ലഭ്യമാണ്.

youtube.com/jothydev
jothydev.com/newsletter



Dr. Jothydev Kesavadev
MBBS, MD, FRCP(London, Glasgow, Edinburgh), FACE(USA), FACP


ഇന്റർനാഷണൽ ഡയബറ്റിസ് ഫെഡറേഷൻ
സെന്റർ ഓഫ് എഡ്യുക്കേഷൻ ആന്റ് എക്സലൻസ് ഇൻ ഡയബറ്റിസ് കെയർ

ജ്യോതിദേവ്സ് ഡയബറ്റിസ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ



പ്രമേഹത്തെ പൂർണ്ണമായി നിയന്ത്രണത്തിലാക്കാം...

ഇരുപതു വർഷമായി പ്രമേഹമുള്ള രോഗിയുടെ കുടുംബം ഇന്ന് സംതൃപ്തരാണ്. കാരണം അദ്ദേഹത്തിന്റെ പ്രമേഹം ഇപ്പോഴും നിയന്ത്രണത്തിലാണ്, അവയവങ്ങൾക്കും കേടുപാടൊന്നുമില്ല...

സമഗ്ര പരിശോധനയുടേയും, മരുന്നുകളുടേയും, ഡയബറ്റിസ് ടെലിമെഡിസിൻ സംവിധാനത്തിന്റെയും, വിദഗ്ദ്ധ ചികിത്സാസംഘത്തിന്റെ ഉപദേശത്തിന്റെയും ഫലമായി മാത്രമേ പ്രമേഹത്തെ നിയന്ത്രണത്തിലാക്കാൻ സാധിക്കൂ...

ഇപ്പോൾ അന്താരാഷ്ട്ര ഡയബറ്റിസ് ഫെഡറേഷന്റെ അംഗീകാരമുള്ള ജ്യോതിദേവ്സിൽ 20 വർഷമായി ഈ രീതികൾ പിൻതുടരുന്നു...

വിദഗ്ദ്ധ ചികിത്സക്കായി വിളിക്കൂ...
Toll Free: 1800-425-40055
www.jothydev.net

പ്രമേഹ ചികിത്സകർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന ഔദ്യോഗിക സ്ഥാപനമാണ് ജ്യോതിദേവ്സ് ഡയബറ്റിസ് സെന്റർ

സേവനത്തിന്റെ 20 വർഷങ്ങൾ

വിശദവിവരങ്ങൾക്ക്:
Ph: +91 94962 46200
www.jothydev.net/JDCcourse

ISO 9001-2008 CERTIFIED

മുടവൻമുകൾ, തിരുവനന്തപുരം
Ph: 98460 40055, 94470 40055

പാടിവട്ടം, ഇടപ്പള്ളി പി.ഒ, കൊച്ചി
Ph: 97463 66655, 97463 66644

C.S.I മിഷൻ ഹോസ്പിറ്റൽ ക്യാമ്പസ്, ആറ്റിങ്ങൽ
Ph: 97440 40055, 95620 40055